# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 1222 13/06/2013 ൽ മറുപടിക്ക്

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**,, കെ. അച്ചുതൻ**<br>**,, ലൂഡി ലൂയിസ്**<br>**,, വി. ഡി. സതീശൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) അന്താരാഷ്ട്ര നിലവാരത്തിൽ നഗര റോഡുകൾ വികസിപ്പിക്കുകയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. നഗരത്തിൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക, കാൽനടയാത്രക്കാർക്കും വാഹന യാത്രികർക്കും സുഗമമായും സുരക്ഷിതമായും സഞ്ചരിക്കുവാനുള്ള സൗകര്യം ഒരുക്കുക, റോഡുകളുടെ വശങ്ങളിൽ ഓടകളും യൂട്ടിലിറ്റിഡക്ടുകളും നിർമ്മിക്കുക, ജംഗ്ഷനുകൾ നവീകരിക്കുക, ആധുനിക രീതിയിലുള്ള സിഗ്നൽ ലൈറ്റുകളും തെരുവ് വിളക്കുകളും സ്ഥാപിക്കുക, ബസ് ബേകൾ നിർമ്മിക്കുക, നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്നവിധം പുൽത്തകിടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | എവിടെയൊക്കെയാണ് ഇത് നടപ്പിലാക്കിവരുന്നത് ; | (ബി) | തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി പൂർത്തിയായി വരുന്നു |
| (സി) | പ്രസ്തുത പ്രോജക്ട് മറ്റു നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) | ഉണ്ട്. കോഴിക്കോട് നഗര റോഡു വികസന പദ്ധതി ഉടനെ ആരംഭിക്കുന്നതാണ്. കൊച്ചി നഗര റോഡു വികസന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പുതുക്കി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന് ഉദ്ദേശിക്കുന്ന പങ്കാളിത്തം എപ്രകാരമുള്ളതാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി-ആന്വിറ്റി വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ചുമതല ഏറ്റെടുക്കുന്ന കരാർ കമ്പനി നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും തുടർന്ന് 15 വർഷം അതിന്റെ പരിപാലനം കൂടി നടത്തണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. പദ്ധതിയുടെ ചെലവ് 15 വർഷമായി കമ്പനിക്ക് ആന്വിറ്റി ഇനത്തിൽ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ